**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല – അയിരൂർ-ചെറുകോൽപുഴ പമ്പാ മണപ്പുറത്തു നടത്തുന്ന കഥകളി മേളയ്ക്ക് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3184/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18/12/2018

---

പരാമർശം:- 1. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ് ജോ.സെക്രട്ടറിയുടെ 05/12/2018 ലെ പി.ഡി.കെ.സി/കഥകളിമേള/ 2018-19 നമ്പർ കത്ത്.

2. ശ്രീ രാജു എബ്രഹാം എം.എൽ.എ യുടെ 05/12/2018 ലെ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അയിരൂർ-ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്തു വെച്ച് പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, ജില്ലയിലെ നാല് മുനിസിപ്പാലിറ്റികൾ, 54 ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 2019 ജനുവരി 7 മുതൽ 13 വരെ നടത്തുന്ന കഥകളി മേളയ്ക്ക് 15 ലക്ഷത്തോളം രൂപ ചെലവ് വരുമെന്നും, ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും സംഭാവന ലഭിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവുണ്ടാകണമെന്നും പരാമർശം(1) പ്രകാരം പത്തനംതിട്ട ജില്ലാ കഥകളി ക്ലബ് ജോ.സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. പത്തനംതിട്ട ജില്ലയിലെ 54 ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പരമാവധി 15,000/- രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 2 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 20,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ശ്രീ.രാജു എബ്രഹാം എം.എൽ.എ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അയിരൂർ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്തു വച്ചു നടത്തുന്ന പതിനൊന്നാമതു കഥകളി മേളയ്ക്ക് പത്തനം തിട്ട ജില്ലയിലെ 54 ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പരമാവധി 15,000/- (പതിനയ്യായിരം) രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 2,00,000/- (രണ്ട് ലക്ഷം) രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
സെക്രട്ടറി / പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബ്, അയിരൂർ കഥകളി ഗ്രാമം, പത്തനംതിട്ട.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ